**പത്രക്കുറിപ്പ്:** കേരള സാഹിത്യ അക്കാദമി ആപ്പീസ്

തൃശൂർ, 19-08-2017

# മാധ്യമങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്തം കുറഞ്ഞു.

## ഗൗഹർ റാസ

മാധ്യമങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്തം ഇന്ന് കുറഞ്ഞുവരുന്നതായി ഗൗഹർ റാസ പറഞ്ഞു. കേരള സാഹിത്യ അക്കാദമി വെബ് പോർട്ടലായ ജനാവിഷ്കാരയുമായി ചേർന്ന് എറിക് ഹോബ്സ്ബോം ജന്മശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണപരമ്പരയിൽ സ്വതന്ത്രരാഷ്ട്രീയത്തിന്റെ വളർച്ചയും ഭരണഘടനമൂല്യങ്ങളും എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂലധനം അടിസ്ഥാനപ്പെടുത്തിയാണ് മാധ്യമങ്ങൾ ഇന്ന് നിലനിൽക്കുന്നത്. വായനക്കാരിൽ നിന്നുള്ള വരുമാനത്തെ പരസ്യവരുമാനം മറികടന്നു. അതിനാൽ ജനങ്ങളോടുള്ള ഉത്തരവാദിത്തം കുറയുകയും പരസ്യദാതാക്കളോട് കൂറുള്ളവരായി മാറുകയും ചെയ്യുന്നു. കവികളെ ആക്രമിക്കുക വഴി കാവ്യസംസ്കാരത്തെതന്നെ ഇല്ലാത്താക്കാനാണ് ഫാസിസ്റ്റ് ശക്തികൾ ശ്രമിക്കുന്നത്. ഇഷ്ടപ്പെടാത്തവരെ രാജ്യദ്രോഹികളായി മുദ്രകുത്തുന്നു. ശാസ്ത്രിയ കാഴ്ചപ്പാട് സർക്കാരിന്റെ നയമായിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിൽ നിന്ന് സർക്കാരുകൾ പിൻമാറി. ഇടതുപക്ഷ പ്രസ്ഥാനങ്ങളും അതിനെ അഭിമുഖികരിക്കാത്ത നിലവന്നു. സമൂഹത്തിൽ പൊതുവേ ഉണ്ടാകേണ്ട ഗുണമാണ് ശാസ്ത്രിയ ചിന്ത-ഗൗഹർ റാസ കൂട്ടിച്ചേർത്തു.

അക്കാദമി പ്രസിഡന്റ് വൈശാഖൻ അധ്യക്ഷനായിരുന്നു. അക്കാദമി നിർവ്വാഹകസമിതി അംഗം പ്രൊഫ. എം.എം.നാരായണൻ ആമുഖപ്രഭാഷണം നടത്തി. അക്കാദമിസെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും മാനേജർ പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി